# വിജ്ഞാനം: സ്വർഗത്തിലേക്കുള്ള വഴി

عن أبي سَعِيد الْخُدري قال قَالَ رَسُولُ اللَّهِ ﷺ لَنْ يَشْبَعَ الْمُؤْمِنُ مِنْ
خَيْرٍ يَسْمَعُهُ حَتَّى يَكُونَ مُنْتَهَاهُ الْجَنَّةَ.(ترمذی)

**അബൂസഈദിൽ ഖുദ്‌രി(റ)യിൽനിന്നു നിവേദനം: റസൂൽ (സ) പ്രസ്താവിച്ചു: "വിശ്വാസിക്ക് നല്ലതു കേട്ട് വയറുനിറയുകയില്ല; അവന്റെ പര്യവസാനം സ്വർഗമാകുന്നതുവരെ."**

വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള അനേകം നബിവചനങ്ങളിലൊന്നാണിത്. ഒരു വിശ്വാസിയുടെ വിദ്യാഭ്യാസം ഒരിക്കലും അവസാനിക്കുന്നില്ല എന്നാണീ വചനം പഠിപ്പിക്കുന്നത്. മരണംവരെ അത് തുടരും; തുടരണം. തുടരേണ്ടത് അത്യാവശ്യമാണ്. 'വയറുനിറയുകയില്ല' എന്ന പ്രയോഗം അതാണ് സൂചിപ്പിക്കുന്നത്. വയറുനിറഞ്ഞാൽ പിന്നെ ഭക്ഷണം അനാവശ്യമാകുന്നു; വയറുനിറയാത്തവന് അത്യാവശ്യവും. വിശ്വാസിക്ക് വിജ്ഞാനം കൊണ്ട് വയറുനിറയില്ല എന്നു പറഞ്ഞാൽ അതിനർഥം വിശ്വാസിക്ക് ഒരിക്കലും അറിവ് മതിയായി അനാവശ്യമായ അവസ്ഥയുണ്ടാകുന്നില്ല എന്നാണ്. എന്നും അതയാൾക്ക് അത്യാവശ്യമുള്ളതാകുന്നു.

'നല്ലതു കേൾക്കുക' എന്നാണ് ഹദീസിലെ പ്രയോഗം. പഴയ കാലത്ത് വിദ്യാഭ്യാസത്തിന് പള്ളിക്കൂടങ്ങളും പാഠപുസ്തകങ്ങളുമൊന്നുമുണ്ടായിരുന്നില്ല. ഗുരുമുഖത്തുനിന്ന് കേട്ടുപഠിക്കുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. ആ നിലക്ക് നല്ലതു കേൾക്കുക എന്നതുകൊണ്ടുദ്ദേശ്യം ഗുരുവിന്റെ ഉപദേശങ്ങൾ കേൾക്കുക എന്നാവാം. പക്ഷേ, ഇവിടെ ഔപചാരിക ഗുരുനാഥന്മാരുടെ വാക്കുകളെ മാത്രമല്ല ഉദ്ദേശിച്ചിട്ടുള്ളത്. ഏതെങ്കിലും പ്രത്യേക പാഠശാലകളിൽ നിന്നോ ഗുരുക്കന്മാരിൽനിന്നോ പാഠപുസ്തകങ്ങളിൽ നിന്നോ നേടുന്നതുമാത്രമാണ് വിജ്ഞാനം എന്ന സങ്കൽപം ഇസ്‌ലാമിന് അന്യമാണ്. തനിക്കറിയാത്തത് എവിടുന്ന് കിട്ടുന്നുവോ അതൊക്കെ വിജ്ഞാനം എന്ന നിലക്ക് ആദരണീയമാണ് എന്നതാണ് ഇസ്‌ലാമിന്റെ നിലപാട്. അതുകൊണ്ട് പണ്ഡിതന്മാരിൽ നിന്നാവട്ടെ, പാമരന്മാരിൽ നിന്നാവട്ടെ, അടിമയിൽനിന്നാവട്ടെ, ഉടമയിൽനിന്നാവട്ടെ ആരിൽനിന്നു വന്നാലും വിജ്ഞാനം സ്വീകരിക്കണം. തിർമിദി തന്നെ ഉദ്ധരിച്ച മറ്റൊരു നിവേദനത്തിൽ ഇങ്ങനെ കാണാം: "ജ്ഞാനം വിശ്വാസിയുടെ കളഞ്ഞുപോയ മുതലാകുന്നു. എവിടെ കണ്ടാലും അവനാണതിന് ഏറ്റവും അർഹൻ."

വിദ്യാഭ്യാസത്തെ പുണ്യമേറിയ ആരാധനയായിട്ടു കൂടിയാണ് ഇസ്‌ലാം വിലയിരുത്തുന്നത്. വിജ്ഞാനസമ്പാദനത്തിലേർപ്പെട്ടവൻ അല്ലാഹുവിന്റെ വഴിയിൽ, അതായത് സ്വർഗത്തിലേക്കുള്ള വഴിയിലാണ്. ഒരു നബിവചനത്തിൽ ഇങ്ങനെ കാണാം: "വിജ്ഞാനസമ്പാദനാർഥം പുറപ്പെട്ടവൻ തിരിച്ചെത്തുന്നതുവരെ അല്ലാഹുവിന്റെ മാർഗത്തിലാകുന്നു." വിദ്യാഭ്യാസം ഓരോ മുസ്‌ലിമിന്റെയും നിർബന്ധ ബാധ്യതയാണെന്നും ചൈനയിൽ പോയെങ്കിലും അതു നേടണമെന്നും കൽപിക്കുന്ന നബിവചനങ്ങൾ സുവിദിതമാണല്ലോ.

വിദ്യാഭ്യാസ ബാധ്യതയെ ചിലർ ദീനീവിദ്യാഭ്യാസത്തിൽ പരിമിതമാക്കിയിട്ടുണ്ട്. ഇതിന് യാതൊരു ന്യായവുമില്ല. മനുഷ്യന്റെ ഇഹപരജീവിതങ്ങൾക്ക് ആവശ്യമായ എല്ലാ വിജ്ഞാനവും നേടാനാണ് നബി (സ) സമുദായത്തോട് കൽപിച്ചിട്ടുള്ളത്.

പ്രവാചകന്റെ പ്രമുഖ ശിഷ്യന്മാരിലൊരാളായിരുന്ന മുആദുബ്നു ജബൽ (റ) വിദ്യാഭ്യാസത്തെ സംബന്ധിച്ചു നടത്തിയ ഒരു പ്രഭാഷണം ഇബ്നു അബ്ദിൽബർറ് ഉദ്ധരിക്കുന്നു:

"നിങ്ങൾ വിദ്യാഭ്യാസം ചെയ്യുക. വിദ്യാഭ്യാസം ദൈവഭയമാകുന്നു. വിജ്ഞാനം തേടുക എന്നതുതന്നെ ദൈവാരാധനയാകുന്നു. അറിവ് പരസ്പരം അനുസ്മരിപ്പിക്കൽ ദൈവസങ്കീർത്തനമാണ്. ജിഹാദാകുന്നു വൈജ്ഞാനിക ഗവേഷണം. അറിവില്ലാത്തവർക്ക് അറിവ് പകർന്നുകൊടുക്കുന്നത് ദാനമാണ്; അർഹർക്ക് അറിവ് നൽകുന്നത് പുണ്യകർമവും. കാരണം അറിവാണ് ഹിതാഹിതങ്ങളുടെ സൂചകവും സ്വർഗഗാമികളുടെ വഴിവിളക്കും. ജ്ഞാനം ഏകാന്തതയിലെ കൂട്ടുകാരനും ഭാഷകനുമാകുന്നു. പരദേശത്ത് അത് നിങ്ങളുടെ സഹയാത്രികനാകുന്നു. സുഖത്തിലും ദുഃഖത്തിലും വിദ്യയാകുന്നു നിങ്ങളുടെ മാർഗദർശകൻ. വിജ്ഞാനം ശത്രുവിന്റെ മുമ്പിൽ ആയുധമാകുന്നു. മിത്രങ്ങളുടെ മുമ്പിലോ നിങ്ങൾക്കലങ്കാരവും. ജ്ഞാനത്താൽ അല്ലാഹു ചിലരെ ശ്രേഷ്ഠരാക്കുന്നു. ധർമനായകരും ആചാര്യന്മാരുമാക്കുന്നു. അവരുടെ പാരമ്പര്യങ്ങളും ചര്യകളും പിന്തുടരപ്പെടും. അഭിപ്രായങ്ങൾ ആധികാരികമെന്ന് മാനിക്കപ്പെടും. മലക്കുകൾ പോലും അവരുടെ ചങ്ങാത്തം കാംക്ഷിക്കും. അത്തരക്കാരെ അവരുടെ ചിറകുകളാൽ തഴുകും. നനഞ്ഞതും വരണ്ടതുമായ എല്ലാ പദാർഥങ്ങളും– കടലിലെ മത്സ്യങ്ങളും മറ്റു ജീവികളും കരയിലെ ഹിംസ്രജന്തുക്കളും കാലികളുമെല്ലാം അവർക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കും. കാരണം അജ്ഞതയിൽനിന്നുള്ള മനസ്സിന്റെ ജീവനാണ് ജ്ഞാനം. കൂരിരുട്ടിൽ കണ്ണിനു വെളിച്ചം. ജ്ഞാനത്താലാണ് ദൈവദാസൻ സജ്ജന സഞ്ചയത്തിൽ ചേരുന്നതും ഉന്നത ശ്രേണികൾ പ്രാപിക്കുന്നതും. ജ്ഞാനാർഥ ചിന്ത നോമ്പിനു തുല്യമാകുന്നു; പഠനം നിശാ നമസ്കാരത്തിനും. ജ്ഞാനംമൂലം കുടുംബ ബന്ധങ്ങൾ ചേർക്കപ്പെടുന്നു. ഹിതാഹിതങ്ങൾ തിരിച്ചറിയപ്പെടുന്നു. അറിവാണ് നേതാവ്. കർമം നീതനും. ഭാഗ്യവാന്മാർക്ക് അത് ലഭിക്കുന്നു. ഭാഗ്യഹീനർക്കത് വിലക്കുന്നു."